പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.415 20/10/2016-ൽ മറുപടിക്ക്

## സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാർത്ഥികൾ കുറവായതിന്റെ പേരിൽ എയ്ഡഡ് സ്കൂളുകളിൽ നിന്നും ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരെ ഗവൺമെന്റ് സ്കൂളുകളിൽ പുനർവിന്യസിക്കുവാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) 05/08/2016-ലെ സർക്കാർ ഉത്തരവ് നം. 134/2016/പൊവിവ യിലെ വ്യവസ്ഥകൾ പ്രകാരമാണ് ഇപ്പോൾ സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം നടത്തിക്കൊണ്ടിരിക്കുന്നത്. പി.എസ്.സി ലിസ്റ്റില്ലാത്ത വിഷയങ്ങളിൽ താൽക്കാലികമായി സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് തികച്ചും താൽക്കാലികമായ സംവിധാനം ആയതിനാൽ ഇതുമൂലം പി.എസ്.സി ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനോ പി.എസ്.സി വഴി നിയമനം നടത്തുന്നതിനോ യാതൊരു തടസ്സവും ഉണ്ടാകില്ല. ആർ.എം.എസ്.എ സഹായത്തോടെ ഉയർത്തിയ സ്കൂളുകളിലുള്ള ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ താൽക്കാലികമായി പുനർവിന്യസിക്കാൻ നിർദ്ദേശിച്ചിരുന്നു. 07/10/2016 ലെ ജി.ഒ (എം.എസ്) നം. 173/2016/പൊവിവ പ്രകാരം ആർ.എം.എസ്.എ വഴിയും അല്ലാതെയും ഉയർത്തിയിട്ടുള്ള സ്കൂളുകളെ മറ്റ് സർക്കാർ സ്കൂളുകളെപ്പോലെ തന്നെ പരിഗണിച്ച് തസ്തികകൾ അനുവദിക്കാനും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനും പി.എസ്.സി വഴിയുള്ള അദ്ധ്യാപകർ വരുന്ന മുറയ്ക്ക് സംരക്ഷിതാദ്ധ്യാപകരെ |

| | | | |
|---|---|---|---|
| | | | പിൻവലിക്കാനും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ ഉത്തരവിലൂടെ എത്രപേരെയാണ് പുനർവിന്യസിക്കുവാൻ തീരുമാനമെടുത്തിട്ടുള്ളത്; | (ബി) | 2015-16 ലെ തസ്തിക നിർണ്ണയത്തെ തുടർന്ന് തസ്തിക നഷ്ടപ്പെട്ട 3674 ജീവനക്കാരെയാണ് പുനർവിന്യസിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. |
| (സി) | എൽ.പി/യു.പി, അസിസ്റ്റന്റ്, എച്ച്.എസ്.എ എന്നീ തസ്തികകളിലെ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ സാധ്യതകളെ ഈ തീരുമാനം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലെ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്ന ഒരു തീരുമാനവും ഈ വിഷയത്തിൽ സർക്കാർ കൈക്കൊണ്ടിട്ടില്ല. സർക്കാർ സ്കൂളുകളിലെ ഒഴിവുകളിലൊന്നും സ്ഥിരമായി സംരക്ഷിത ജീവനക്കാരെ പുനർവിന്യസിച്ചിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ ഈ ഉദ്യോഗാർത്ഥികളെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ